***എൽ.ആർ.ജി3-50095/10*** ലാൻഡ് റവന്യൂ കമ്മിഷണറുടെ കാര്യാലയം,
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്, തിരുവനന്തപുരം-33,
തീയതി : 29/01/2011

## സർക്കുലർ

വിഷയം:- റവന്യു വകുപ്പ്- വകുപ്പിലെ ഉദ്യോഗസ്ഥർക്ക് CUG പ്രകാരമുള്ള മൊബൈൽ ഫോൺ കണക്ഷൻ ലഭ്യമാക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച് -

സൂചന:-
1. ജി.ഒ.(എം.എസ്)നം. 508/10/ആർ.ഡി. തീയതി: 14.12.2010.
2. 22.12.2010-ലെ മേൽ നമ്പർ കത്ത്.

********

റവന്യു വകുപ്പിലെ വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് ബി.എസ്.എൻ.എൽ -ന്റെ സി.യു.ജി. പദ്ധതിയിൽ ഉൾപ്പെടുത്തി മൊബൈൽ ഫോൺ കണക്ഷൻ .ലഭ്യമാക്കുന്നതിന് വേണ്ടി അനുവദിച്ചിട്ടുള്ള സിം കാർഡുകളുടെ ഉപയോഗം സംബന്ധിച്ച് ചുവടെ പറയുന്ന നിർദ്ദേശങ്ങൾ ഇതിനാൽ പുറപ്പെടു.വിക്കുന്നു.

1. ഓരോ ജില്ലയിലെയും ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള സിംകാർഡുകൾ ജില്ലാ കളക്ടർ വിതരണം ചെയ്യേണ്ടതാണ്.

2. സിംകാർഡുകൾ ഏറ്റുവാങ്ങുന്ന ദിവസംമുതൽ അതു ഉപയോഗിച്ച് തുടങ്ങേണ്ടതും കണക്ഷൻ എല്ലായിപ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതുമാണ്. ഈ സി ംകാർഡ് ഏറ്റുവാങ്ങുന്ന ഉദ്യോഗസ്ഥർക്ക് സ്വന്തമായി ഹാൻഡ് സെറ്റ് ഉണ്ടായിരിക്കേണ്ടതാണ്.

3. റവന്യു വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശത്തോടെ അനുവദിച്ചിട്ടുള്ള സിംകാർഡുകൾ ദുരുപയോഗപ്പെടുത്താതിരിക്കാനും സൂക്ഷമതയോടെ ഉപയോഗിക്കാനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. മൊബൈൽ ഫോൺ യാതൊരു സാഹചര്യത്തിലും സ്വിച്ച് ഓഫ് ചെയ്യുവാൻ പാടില്ലാത്തതാണ്. കോൺഫറൻസുകളിൽ പങ്കെടുക്കുമ്പോൾ Silent Mode -ലേയ്ക്ക് മാറ്റാവുന്നതാണ്.

4. ഈ പദ്ധതിപ്രകാരം പ്രതിമാസം 200/- രൂപ അടയ്ക്കുമ്പോൾ താഴെ പറയുന്ന സൗകര്യങ്ങൾ ലഭിക്കുന്നതാണ്. CUG കണക്ഷൻ ഉള്ള ഫോണുകൾ തമ്മിൽ പരസ്പരം സൗജന്യമായി വിളിക്കാവുന്നതാണ്. BSNL -ന്റെ മൊബൈൽ ഫോണിലേക്ക് പ്രതിമാസം 1000 മിനിട്ടും മറ്റ് മൊബൈൽ

ഫോണിലേക്കും ലാന്റ് ഫോണിലേക്കും 200 മിനിട്ടും സൗജന്യമായി വിളിക്കാവുന്നതാണ്. പ്രതിമാസം 200/- രൂപയിൽ കൂടുതൽ തുക വരുകയാണെങ്കിൽ ഫോൺ ഉപയോഗിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്നും അധികതുക ഈടാക്കുന്നതാണ്.

5. ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ള ഫോൺ നമ്പരുകൾ ഓഫീസിലെ നോട്ടീസിൽ ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും ജില്ലാ കളക്ടർമാർ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പത്രങ്ങളിലൂടെ പരസ്യപ്പെടുത്തേണ്ടതുമാണ്.

6. സിംകാർഡ് അനുവദിച്ചിട്ടുള്ള ഉദ്യോഗസ്ഥർ മാറിവരുന്ന സാഹചര്യത്തിൽ അനുവദിച്ച സിംകാർഡ് പ്രത്യേക രസീത് പ്രകാരം ചുമതലയേൽക്കുന്ന ഉദ്യോഗസ്ഥന് കൈമാറേണ്ടതും ടി രസീതിന്റെ പകർപ്പ് നിയന്ത്രണ ഉദ്യോഗസ്ഥന് നൽകേണ്ടതുമാണ്.

7. ഓരോ ജില്ലയിലേക്കും അനുവദിച്ചിട്ടുള്ള ഫോണുകളുടെ പ്രതിമാസ ബില്ലുകൾ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് BSNL നേരിട്ട് നൽകുന്നതും ടി തുക ജില്ലാ കളക്ടർ ബന്ധപ്പെട്ട ശിർഷകത്തിൽ നിന്നും പിൻവലിച്ച് നിർദ്ദിഷ്ട സമയത്തുനുള്ളിൽ BSNL -ന് ഒടുക്കു വരുത്തേണ്ടതുമാണ്.

(ഒപ്പ്)

**കമ്മീഷണർ**

1. എല്ലാ ജില്ലാ കളക്ടർമാർക്കും /മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്കും.
2. എൽ.ആർ.ജി(3)/കരുതൽ ഫയൽ.